OM NAMO NARAYANAYA

ഓം ഗം ഗണപതയേ നമഃ

# ക്ഷേത്രാചാരങ്ങൾ



പ്രൊഫസർ വിശ്വനാഥൻ നമ്പൂതിരി

ഭാരതീയരെ സംബന്ധിച്ചിടത്തോളം ക്ഷേത്രാരാധന ഒരു ഉപാസനയാണ്. നിത്യ കർമ്മങ്ങൾ പോലെ അപരിഹാര്യവും അനുഷ്ഠേയവുമായ ഒരു സാധനയാണ്. ഭക്തജനങ്ങൾ എല്ലാവരും സാധകന്മാരാണ്. സാധ്യമാകട്ടെ മോക്ഷവും. ഈ സാധനാനുഷ്ഠാനത്തിനുള്ള ഉപകരണമാണ് ക്ഷേത്രം. യോഗ മാർഗ്ഗത്തിൽ സാധനകൾ അനുഷ്ഠിച്ച യോഗി പരമാത്മാനന്ദാനുഭൂതിയിൽ ലയിക്കുന്നതു പോലെ ഭക്തൻ ക്ഷേത്രാരാധനയിലൂടെ ഈശ്വര സാന്നിധ്യം അനുഭവിച്ച് യോഗാനന്ദാനുഭൂതിയിൽ ലയിക്കുന്നു. ഭക്തിയും മുക്തിയും നേടുന്നു. തന്ത്രപ്രസിദ്ധങ്ങളായ യന്ത്രങ്ങളെപ്പോലെ ലൗകിക ജീവിതത്തിൽ അതൊരു കവചമാണ്. 'നമേ ഭക്തഃ പ്രണശ്യതി' എന്ന ഗീതാവചനം പോലെ ഭക്തനെ സംരക്ഷിയ്ക്കുന്ന ഒരു യന്ത്രമാണ് ക്ഷേത്രം അവിടെ മുഖരിതമാകുന്ന മന്ത്ര ചൈതന്യം ഭക്തന്മാരുടെ വികാരങ്ങളെ തരളിതമാക്കുന്നു. കുത്തിപ്പാഞ്ഞ് ഒഴുകിയെത്തുന്ന വികാരങ്ങളെ ഈ മന്ത്രങ്ങൾ ശാന്തമാക്കുന്നു. ശാന്തിയുടെ പാഠമാണത്. മന്ത്ര ശക്തിയുടെ ബലം സാധകന്റെ അന്തർമണ്ഡലത്തെ കഴുകി പരിശുദ്ധമാക്കുന്നു. അപ്പോൾ തെളിഞ്ഞു വരുന്ന കുരുത്ത വികാരങ്ങൾ ഹൃദയത്തെ തരളിതമാക്കുന്നു. ഭഗവാനോട് ഏറ്റവും അടുപ്പിക്കുന്നു. ഇതാണ് ക്ഷേത്രാരാധനയുടെ ഫലം.

അങ്ങനെ വികാരങ്ങൾ ശാന്തമാകുമ്പോൾ കുണ്ഡലിനീ ശക്തിയുണർന്ന് സാധകനെ ഷഢ്ചക്രങ്ങളിലൂടെ സഹസ്രാരത്തിലെത്തിയ്ക്കുന്നു. അവിടെ ആത്മചൈതന്യവുമായി ഹർഷാത്ഭുതങ്ങളോടെ ലയിയ്ക്കുമ്പോൾ ഉപാസന പൂർണമാകും. ഭൗതികമായി ജീവിതത്തിൽ കൈവരിക്കേണ്ട ശ്രേഷ്ഠമായ കാര്യങ്ങൾ താനേ വന്നു ചേരും. അതാണ് പ്രാർത്ഥനയുടെ മറ്റൊരു ഫലം. മന്ത്രോച്ചാരണം കൊണ്ടും നാമഘോഷം കൊണ്ടും അന്തരീക്ഷം മുഖരിതമാകുമ്പോൾ ഭക്തന്റെ മനസ്സ് ശാന്തതയാർന്ന് ആനന്ദമനുഭവിയ്ക്കുന്നു, ഇത്രയും ശാസ്ത്രീയമായ ഒരു ആരാധനാ സമ്പ്രദായം കൈയ്യിൽ ഉണ്ടായിരുന്നിട്ടും നാം അത് വേണ്ടവിധം ഉപയോഗിക്കുന്നില്ല. ഇവിടെയാണ് ക്ഷേത്രാചാരങ്ങൾക്ക് പ്രസക്തി. ക്ഷേത്രത്തിലേയ്ക്ക് പേകുവാനാഗ്രിയ്ക്കുമ്പോൾ മുതൽ സാധകൻ അനുഷ്ഠിയ്ക്കുന്ന ആചാര മര്യാദകൾ ആണ് ക്ഷേത്രാചാരങ്ങൾ എന്ന പേരിൽ ഉദ്ദിഷ്ടമാകുന്നത്. ഇത് അറിഞ്ഞ് ആചരിക്കുമ്പോഴേ ലക്ഷ്യത്തിലെത്തുവാൻ കഴിയുകയുള്ളു.

## സ്നാനം (കുളി)

ക്ഷേത്ര ദർശനത്തിന് മനസ്സിൽ ആഗ്രഹമുണ്ടായാൽ ആദ്യം സ്നാനം ചെയ്യണം. അതൊരു ശുദ്ധിക്രിയയാണ്. മനഃശുദ്ധി, ഇന്ദ്രിയശുദ്ധി, ശരീര ശുദ്ധി എന്നിങ്ങനെ മൂന്നു വിധം ശുദ്ധികളുണ്ട്. ആദ്യം സത്ചിന്ത കൊണ്ട് മനസ്സ് ശുദ്ധമാക്കി, കരണങ്ങൾ (ഇന്ദ്രിയങ്ങൾ) ക്ഷേത്രാഭിമുഖമാക്കുവാൻ ശുദ്ധമാക്കണം. കണ്ണിനെ ശുദ്ധമാക്കുവാൻ വർണാഭമായ പുഷ്പങ്ങളും അലങ്കാരങ്ങളും വിളക്കും, പാട്ടുകളും ഉപയോഗിക്കുന്നു. കർപ്പൂര ചന്ദനാദി സുഗന്ധ ദ്രവ്യങ്ങൾ മൂക്കിനെ ശുദ്ധമാക്കുന്നു. നാമജപം ചെവികളെ ശുദ്ധമാക്കുന്നു. തീർത്ഥാദികളും പായസങ്ങളും നാവിനെ ശുദ്ധമാക്കുന്നു. നേർത്ത പാദസ്പർശങ്ങൾ (തളക്കല്ലുകൾ) ത്വക്കിനെ ശുദ്ധമാക്കുന്നു. ശരീര ശുദ്ധിയ്ക്ക് മുഴുവനും മുങ്ങിക്കുളിയ്ക്കണം. വെറും കഴുകലല്ല കുളി. ഐശ്വര വിഭൂതികളിൽ പ്രധാനമായ ജലത്തിൽ ആ പ്ലാവനം ചെയ്യണം. ഏതു ജലത്തിൽ മുങ്ങിക്കുളിച്ചാലും സപ്ത നദീ തീർത്ഥങ്ങളെ സ്മരിച്ചും സ്തുതിച്ചും വേണം കുളിയ്ക്കുവാൻ.

ഗംഗേച യമുനേ ചൈവ  
ഗോദാവരി സരസ്വതി  
നർമ്മദേ സിന്ധു കാവേരി  
ജലേഽസ്മിൻ സന്നിധിം കുരു.

എന്ന സ്തോത്രം ജപിച്ചു കുളിയ്ക്കുമ്പോൾ അത് മന്ത്ര സ്നാനമാകും ഈ നദീദേവതകളുടെ സാന്നിധ്യം ഉറപ്പാക്കുമ്പോൾ ആ സ്നാനം ദിവ്യമാകും. അഷ്ടാംഗ ഹൃദയം ദിനചര്യയിൽ സ്നാനത്തിന്റെ ആദ്ധ്യാത്മികവും ആരോഗ്യപരവുമായ അർത്ഥങ്ങൾ വിശദമാക്കുന്നുണ്ട്. ജല സന്നാനം കഴിഞ്ഞാൽ ആഗ്നേയ സ്നാനം വേണം അതിനാണ് ഭസ്മധാരണം. ഭസ്മം അഗ്നി സംഭൂതമാണല്ലോ? തുടർന്ന് ശുദ്ധമായ വസ്ത്രം ധരിച്ച് ക്ഷേത്രദർശനം ചെയ്യണം. കോടിവസ്ത്രമോ അലക്കു വസ്ത്രമോ ആണ് വേണ്ടത്. ശുദ്ധമായി കഴുകിയുണങ്ങിയതും നന്ന്. ഈറൻ വസ്ത്രം ക്ഷേത്ര ദർശനത്തിന് അനുവദനീയമല്ല. നഗ്നത മറയ്ക്കുവാനാവശ്യമായ വസ്ത്രമേ വേണ്ടു. ആത്മശക്തിയുടെ ഇരിപ്പിടമായ ഹൃദ്ദേശം ആവരണ രഹിതമാകണം.

## പ്രദക്ഷിണം

ക്ഷേത്ര ദർശനത്തിൽ പ്രധാനം പ്രദക്ഷിണമാണ് ദേവന്റെ ദക്ഷിണ ഭാഗത്തു കൂടി ചെയ്യുന്ന കർമ്മം എന്നാണ് പ്രദക്ഷിണ പദത്തിന് അർത്ഥം. ദേവാദി മുഖമായ ഒരദ്ധ്യാത്മിക പ്രയാണമാണത്. പ്രദക്ഷിണം ചതുരംഗമാകണം എന്ന വ്യവസ്ഥയുണ്ട്. എന്താണ് ചതുരംഗങ്ങൾ.

പദാത് പദം ഗച്ഛേത്  
കരൗ ചലവിവർജ്ജിതൗ  
സ്തുതിർ വാചി ഹൃദിധ്യാനം  
ചതുരംഗം പ്രദക്ഷിണം.

വേഗതയില്ലാതെ ഓരോ ചുവടുകൾ വച്ച്, കരങ്ങൾ നിശ്ചലമായി നാവു കൊണ്ട് നാമം ജപിച്ച് ഹൃദയത്തിൽ ഈശ്വരനെ ധ്യാനിച്ചു കൊണ്ട് പ്രദക്ഷിണം വയ്ക്കണം.

മുക്ത ഹസ്തേതു പിശാചം  
ബദ്ധഹസ്തേതു രാക്ഷസം  
തസ്മാത് അഞ്ജലിമാദായ  
കുര്യാത് ദേവ പ്രദക്ഷിണം.

കൈകൾ താഴ്ത്തിയിട്ടാൽ പിശാചിന്റെ ഭാവവും, കൈകൾ പരസ്പരം കെട്ടി പ്രദക്ഷിണം വച്ചാൽ രാക്ഷസ ഭാവവും ആകയാൽ കൂപ്പു കൈ കൊണ്ട് ദേവ പ്രദക്ഷിണം ചെയ്യണം.

പ്രദക്ഷിണം എത്ര വേണമെങ്കിലുമാകാം. ആരോഗ്യവും സാഹചര്യവുമനുസരിച്ച് പ്രദക്ഷിണ സംഖ്യ എത്രയുമാകാം എന്നാലും ഒരു കണക്കുണ്ട്.

ഏകം വിനായകേ പ്രോക്തം
ദ്വേ സുര്യേത്രീണി ശങ്കരേ
ചത്വാരി കേശവേ കുര്യാത്
പഞ്ചാ ര്യേ ഷഡ് കുമാരകേ
സപ്താശ്വത്ഥ ദുർഗേ പ്രോക്തം
ഏവം പ്രദക്ഷിണ വിധിം

ഗണപതിയ്ക്ക് ഒന്നും, സൂര്യന് രണ്ടും, ശിവന് മൂന്നും, വിഷ്ണുവിന് നാലും പ്രദക്ഷിണങ്ങൾ വയ്ക്കണം. അഞ്ച് ശാസ്താവിനും, ആറ് സുബ്രഹ്മണ്യനും, ഏഴ് ആലിനും, ദുർഗ്ഗാദേവിയ്ക്കും വിധിച്ചിരിക്കുന്നു. ശ്രീകോവിലിന് മാത്രമല്ല പഞ്ചഹാരകൾക്കും പ്രദക്ഷിണം വയ്ക്കണം. ദേവന് മാത്രമല്ല ദിക് പാലകന്മാരടങ്ങുന്ന അകത്തെ ബലി വട്ടത്തിനും പുറത്തേ ബലി വട്ടത്തിനും പ്രദക്ഷിണം വയ്ക്കണം. ഒരു സ്ക്രൂ ആണി പോലെ വലം വയ്ക്കുന്ന ആ കറക്കം ഭൂമിയുടെ ഭ്രമണം പോലെയാണ്. എല്ലാ ഗ്രഹങ്ങളും വലം വയ്ക്കലാണ് ചെയ്യുന്നത്. നമ്മുടെ രക്ത ചംക്രമണ വ്യവസ്ഥയും ഈ വലം വയ്ക്കലാണ്. പ്രദക്ഷിണത്തിലൂടെ ദേവത്വം പ്രാപിയ്ക്കുന്നു. യോഗമാർഗ്ഗത്തിൽ കുണ്ഡലിനീ ശക്തി ഉണർന്ന് പ്രവർത്തിക്കുന്നത് വലത് മാർഗ്ഗത്തിലൂടെയാണ്. ഇങ്ങനെ പ്രദക്ഷിണത്തിന് വ്യവസ്ഥകൾ അനേകമാണ്.. ശിവ ക്ഷേത്രത്തിലെ പ്രദക്ഷിണത്തിന് പ്രത്യേകതയുണ്ട്. വലതു വശത്തുകൂടി ഓവു കല്ലിന്റെ ഭാഗത്ത്ചെന്ന് അപ്രദക്ഷിണമായി ഇടതു ഭാഗത്തു കൂടി തിരിച്ചു വന്ന് ഓവിങ്കൽ വരുമ്പോൾ പ്രദക്ഷിണം പൂർത്തിയാകും. ഓവു മുറിച്ചു കടക്കരുത്. അത് ഗംഗയാണ്. സോമ സൂത്രമാണ്. സോമന്റെ വഴിയാണ് അത് മുറിച്ചു കടക്കരുത് എന്നൊക്കെപ്പറയാറുമുണ്ട്. വലത്തു വശത്തു കുടിപ്പോകുമ്പോൾ ബലിക്കല്ലുകൾക്കു പുറത്തു കൂടിയും തിരിച്ചു പോരുമ്പോൾ ബലിക്കല്ലുകൾക്കകത്തു കൂടിയും പോരേണ്ടതാണ്.

ഈ പ്രദക്ഷിണത്തിന് സവ്യാപസവ്യമാർഗ്ഗം എന്നു പറയും. സൂര്യന്റെ ഇടതും വലത്തുമുള്ള രണ്ട് മാർഗ്ഗങ്ങളാണത്. ആദിത്യ മാർഗ്ഗം ഇടത്തു കൂടിയും വലത്തു കൂടിയുമാണ്. അർക്കഃ ശംഭുരുദാഹതഃ എന്ന പ്രമാണത്താൽ ആദിത്യൻ ശിവദേവതയാണ്. അതുകൊണ്ട് ആദിത്യന്റെ സവ്യാപസവ്യ മാർഗ്ഗം പരമശിവന്റെ പ്രദക്ഷിണത്തിന് വന്നു ചേർന്നു. തന്ത്രപദ്ധതിയിലും വാമാചാരം എന്നും ദക്ഷിണാചാരം എന്നും രണ്ട് മാർഗ്ഗങ്ങളുണ്ട് ഇഡ,പിംഗളയുടെ സ്ഥാനവുമാണത്. പ്രാണായാമം ചെയ്യുന്നതും ഒരു മൂക്കിൽക്കൂടി ശ്വാസം വലിയ്ക്കുമ്പോൾ മറു മൂക്കിൽ കൂടിയാണ് ഉച്ഛ്വസിക്കുന്നത്. ഇതെല്ലാം ശിവന്റെ പ്രദക്ഷിണ ക്രമത്തിന്റെ തത്ത്വം നമ്മെ ബോധ്യപ്പെടുത്തുന്നു.

## ദേവദർശനം

സാധകന്റെ ഒരു യോഗാനുഭൂതിയാണ് ദേവദർശനം. അരൂപനായ ഈശ്വരന്റെ സ്വരൂപം രൂപത്തിലൂടെ കാണുന്നു. ഇവിടെ ആദ്യം ഒരു പ്രകാശമാണ് കാണുന്നത്. അതുകൊണ്ടാണ് ശ്രീലകം വിളക്കു കൊണ്ട് പ്രഭാപൂരിതമാക്കേണ്ടത്.

'അഗ്രേപശ്യാമി തേജഃ' എന്ന് മേൽപ്പുത്തൂരും ഈ തേജസ്സാണ് ആദ്യം കാണുന്നത്. തുടർന്ന് ആ ദേവ ചൈതന്യം ധ്യാനത്തിലൂടെ ഉള്ളിലുറപ്പിയ്ക്കണം അപ്പോൾ ഏകാഗ്രതയോടെ സ്മരിക്കുവാൻ കഴിയും. ഇന്ദ്രിയങ്ങൾ എല്ലാമടക്കി ധ്യാനം ചൊല്ലി ദേവതയെ ഉള്ളിലുറപ്പിയ്ക്കണം. അപ്പോൾ കണ്ണുകൾ അടഞ്ഞു പോയേക്കാം. ഒപ്പം വന്ദനവും വേണം. എങ്ങനെ വന്ദിയ്ക്കണം.

'കരാംബുജം കോരക താമുപൈതു'

മൊട്ടിന്റെ ആകൃതിയിൽ കൈകൾ കൂപ്പി നെഞ്ചത്തു പിടിയ്ക്കണം. ശിരസ്സിൽ കൈകൾ കൂപ്പേണ്ടതില്ല.

ഈശ്വരഃ സർവ്വ ഭൂതാനാം
ഹൃദ്ദേശേ/ർജ്ജുന തിഷ്ഠതി.

എല്ലാ ഭൂതങ്ങളുടെ ഹൃദയത്തിൽ ഈശ്വരൻ വസിക്കുന്നു. നെഞ്ചിലാണല്ലോ ഹൃദയ സ്ഥാനം ഈ വന്ദന മുദ്ര താന്ത്രികമാണ്. പൂജാംഗമായ ധ്യാനം വന്ദന മുദ്രയോടെയാണ് ചെയ്യേണ്ടത്. കൈവിരലുകൾ ഓരോന്നും പഞ്ചഭൂതങ്ങളുടെ പ്രതീകങ്ങളാണ്. (മാനസ പൂജയിൽ വിരലുകൾ ന്യസിയ്ക്കുമ്പോൾ ഇതാണല്ലോ സൂചിപ്പിയ്ക്കുന്നത്.) യോഗ ദൃഷ്ട്യാ ഇഡയുടെയും പിംഗളയുടെയും പ്രതീകമാണ് രണ്ട് കൈകളും അതൊന്നിച്ചു കൂട്ടിപ്പിടിയ്ക്കുമ്പോൾ അവയുടെ ഊർധ്വ ഗമനമാണ് ഉദ്ദിഷ്ടം. അത് ഹൃദയത്തിലേയ്ക്ക് ചേരുമ്പോൾ മനോമയകോശമയവുമായി ബന്ധമായി. അങ്ങനെ കുണ്ഡലിനിയുടെ സഹസ്രാരാഭിമുഖമായ പ്രയാണവുമാണ് വന്ദന മുദ്ര സുചിപ്പിയ്ക്കുന്നത്. ഇത് തത്ത്വമസിയുടെ ബാഹ്യമായ ആചരണമാണ്. ഈ മനോ ലയമാണ് വന്ദനം സൂചിപ്പിയ്ക്കുന്നത്. ലൗകിക ജീവിതത്തിൽപ്പോലും പരസ്പരം കണ്ടുമുട്ടുമ്പോൾ ഈ ഈശ്വര സങ്കല്പം ഓർമ്മിപ്പിയ്ക്കുവാൻ എന്ന വണ്ണം നാം കൈ കൂപ്പി വന്ദനം ചെയ്യാറുണ്ടല്ലോ. മനഃ ശബ്ദം തിരിച്ചിട്ട് നമഃ ശബ്ദമായി ഉപയോഗിയ്ക്കുന്നു. ഇങ്ങനെ കൈ കൂപ്പി ആചരിയ്ക്കുന്ന വന്ദനം എത്രയോ ശ്രേഷ്ഠവും ഉന്നതവും ദൈവികവുമാണ് എന്ന് നാം തിരിച്ചറിയേണ്ടിയിരിയ്ക്കുന്നു.

## നമസ്കാരം

പിന്നീടുള്ളത് നമസ്കാരമാണ്. ആത്മസമർപ്പണത്തിന്റെ ചിഹ്നമാണ് നമസ്കാരം. അതൊരു പ്രായശ്ചിത്ത കർമ്മവുമാണ് പുജയിലും ക്ഷേത്ര ദർശനത്തിനും ആചാര്യ ഗുരുവന്ദനങ്ങൾക്കും നമസ്കാരം അത്യാപേക്ഷിതമാണ്. നമസ്കാരം മൂന്നു വിധമുണ്ട്.

ദണ്ഡ നമസ്കാരം, അഷ്ടാംഗ നമസ്കാരം, പഞ്ചാംഗ നമസ്കാരം. അതിൽ ദണ്ഡ നമസ്കാരം ഏറ്റവും പ്രധാനമാണ്. പേരു സൂചിപ്പിയ്ക്കുന്നതു പോലെ ദണ്ഡ് പോലെ നിലത്തു വീണ് സർവാംഗവും സ്പർശിച്ച് വന്ദന മുദ്രയായി കൈകൾ മുമ്പോട്ടു നിവർത്തി സമ്പൂർണ്ണമായി ചെയ്യുന്ന ആത്മസമർപ്പമാണത്. അഷ്ടാംഗ നമസ്കാരത്തിന് എട്ട് അംഗങ്ങൾ സ്പർശിയ്ക്കുകയേ വേണ്ടു.

ഉരസാ ശിരസാ വാചാ
മനസാ അഞ്ജലിനാ ദൃശാ
ജാനുഭ്യാം ചൈവ പാദാഭ്യാം
പ്രണാമോഽഷ്ടാംഗൈരിതഃ.

മാറിടം കൊണ്ടും ശിരസ്സു കൊണ്ടും. വാക്കു കൊണ്ടും മനസ്സു കൊണ്ടും അഞ്ജലി കൊണ്ടും കണ്ണു കൊണ്ടും മുട്ടു കൊണ്ടും പാദങ്ങൾ കൊണ്ടും ചെയ്യുന്ന നമസ്കാരം അഷ്ടാംഗ നമസ്കാരമാണ്. ഈ അവയവങ്ങൾക്ക് നിശ്ചിതമായും ഭൂ സ്പർശം ഉ ണ്ടാകണം. വാക്കു കൊണ്ട് ചുണ്ടുകളെ സൂചിപ്പിയ്ക്കുന്നു. സാധാരണ അധികമായും ഉപയോഗിയ്ക്കുന്നത് ഈ നമസ്കാരമാണ്. സ്ത്രീകൾക്കാണെങ്കിൽ പഞ്ചാംഗ നമസ്കാരം മതിയാകും.

ശിരസാ, വാചാ, മനസാ, ഭഞ്ജലീനാ ചാഥ ജാനുഭ്യാം– എന്നിങ്ങനെ തല, വാക്ക്, (ചുണ്ട്), മനസ്സ്, കൈകൾ, മുട്ട്, ഇവ സ്പർശിച്ച് ചെയ്യുന്ന നമസ്കാരമാണത്. മലയാള ഭാഷയിൽ മുട്ടു കുത്തി നമസ്കരിക്കുക എന്നു പറയും. ഇതും നമസ്കാരത്തിന്റെ വിധി തന്നെയാണ്. സ്ത്രീകൾക്കും ശാരീരികമായി അസുഖമുള്ളവർക്കും പഞ്ചാംഗ നമസ്കാരം മതി. ഇങ്ങനെ പ്രദക്ഷിണവും ദേവ ദർശനം വന്ദനവും നമസ്കാരവും കഴിഞ്ഞാൽ പ്രസാദ സ്വീകരണമാണ്. ആദ്യം തീർത്ഥം സേവയാണ്. പൂജ കഴിഞ്ഞ് ലഭിയ്ക്കുന്ന തീർത്ഥമോ ഓവിലൂടെ എത്തുന്ന അഭിഷേക തീർത്ഥമോ സേവിയ്ക്കാം വിരലുകളുടെ അറ്റം കൊണ്ടല്ല തീർത്ഥം സേവിയ്ക്കേണ്ടത്. കൈപ്പത്തിയുടെ ആരംഭത്തിലുള്ള കങ്കണസ്ഥാനം കൊണ്ടാണ്. പിതൃ കർമ്മങ്ങൾക്കു മാത്രമേ കൈവിരലുകളിലൂടെ ജലം വീഴ്ത്തുകയുള്ളു. അതിനുശേഷം കൈകഴുകുകയാണ് വേണ്ടത്. ശുദ്ധമായ പൂജാ സാധനങ്ങൾ കൈ കഴുകിയതിനു ശേഷമേ സ്പർശിയ്ക്കാവു. പിന്നീട് ചന്ദനമോ ഭസ്മമോ ദേവ പാദങ്ങളിലെ നിർമാല്യ പുഷ്പങ്ങളും പ്രസാദമായി വാങ്ങി യഥാ സ്ഥാനങ്ങളിൽ തൊട്ട് പൂവും ചൂടി ബാക്കി സ്വഗൃഹങ്ങളിലേയ്ക്ക് കൊണ്ടുപോകണം. ഒരിയ്ക്കലും തിരിച്ച് ക്ഷേത്രങ്ങളിൽ നിക്ഷേപിയ്ക്കരുത്. ദേവപ്രസാദം തിരിച്ചു സമർപ്പിയ്ക്കേണ്ടതല്ല. നമുക്കുള്ളതാണ്. ഗൃഹങ്ങളിൽ പൂജാ മുറിയിൽ ശുദ്ധമായി സൂക്ഷിയ്ക്കാം. അഥവാ പരിശുദ്ധമായ നടവാതില്ക്കലോ മീനം കന്നി മുലകളിലും കുഴിച്ചിടുകയുമാകാം. അതോടെ ക്ഷേത്ര ദർശനം സാമാന്യമായും പൂർണമാകും. ഇനിയും വിശേഷ വിധികൾ വേറെയുണ്ട്. ഓരോ ക്ഷേത്രങ്ങളിലേയും ആചാര്യ മര്യാദകൾ അനുസരിച്ച് ഉള്ള വിശേഷ വിധികൾ നാം പാലിയ്ക്കേണ്ടതുണ്ട് കാരണം ക്ഷേത്രാരാധന ഒരു സാമൂഹ്യാരാധനയാണ്. ലളിതവും അനപായവും അനായാസവുമായി ആചരിക്കുവാൻ പറ്റുന്ന ക്ഷേത്ര ദർശനം നിത്യ ജീവിതത്തിൽ നിത്യ കർമ്മം പോലെ കരുതി അനുഷ്ഠിയ്ക്കേണ്ടതാണ്. അന്നന്നുള്ള കർമ്മങ്ങൾ നന്നായി ചെയ്യുവാനും മനഃശ്ശാന്തിയ്ക്കും ഈ ക്ഷേത്ര ദർശനം ഒരു ഔഷധം തന്നെ.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

# പുണ്യ ദർശനം



എൻ രാധാകൃഷ്ണൻ

ഏതു ജന്മം ചെയ്ത പുണ്യം കൊണ്ടു ഞാനീ
യമുനതീരെ വന്നു കൃഷ്ണാ നിന്നെ കാണുവാൻ
അഴലതേറും അളവതിൽ മമ അരികിൽ വന്നു നീ
അരുമയോടെ തലോടുവാൻ കൃതമെന്തുചെയ്തു ഞാൻ

ഗോപുരദ്വാരത്തിലെത്തും ഭക്തനെ മോദാൽ
മാടി മാടി വിളിച്ചു മാറിലണച്ചു കാപ്പവനെ
നെഞ്ചകത്തു കൈ വച്ചു കേഴും ഭക്തനു നേരെ
പുഞ്ചിരി പൂനിലാവു ചാർത്തുമൊരഞ്ജനവർണ്ണാ

പങ്കജാക്ഷണ നിൻ കടാക്ഷമതേറ്റു നിൽക്കുമ്പോൾ
ശങ്കയില്ലൊരു വ്യാധിയും മമജീവിതം ധന്യം
നിത്യവും നിൻ നടയിലെത്തി കണ്ടു തൊഴുതെന്നാൽ
നിത്യനിർമ്മലമെന്റെ ജന്മം നീലക്കാർവർണ്ണാ

ബാലകൃഷ്ണാ നിൻ നിർമ്മാല്യ ദർശനം തേടി
ബാലസൂര്യനുദിക്കും മുൻപു നിൻ നടയിലെത്തുമ്പോൾ
കാത്തുനിന്നപോൽ നട തുറന്നാ കോമളരൂപം
കാട്ടിത്തരുവതിനെന്തു പുണ്യം ചെയ്തു ഞാൻ ഹരേ

തൈലം കൊണ്ടഭിഷേകം ചെയ്തു നിൻ മൃദുല മേനിയിൽ
വാകച്ചാർത്തണിയിച്ചു കാണ്മതുമെന്നുടെ ഭാഗ്യം
ശംഖിനാൽ അഭിഷിക്തനാകും നിൻ തിരുമേനി
കൺ കുളിർക്കെ കണ്ടു നില്പതും എന്നുടെ ഭാഗ്യം

നാവിലൂറും നാമ മന്ത്രോച്ചാരണത്തോടെ
മലർനിവേദ്യം കണ്ടുനിൽപ്പതും ജന്മ സാഫല്യം
ആടയാഭരണങ്ങളും മലർ മാല്യവും ചാർത്തി
തിരുമേനി കണ്ടു കൈ കൂപ്പുവാൻ കൃതമെന്തു ചെയ്തു ഞാൻ

സഹസ്രനാമം ചൊല്ലി ദീപാരാധന തൊഴുതു
സാഷ്ടാംഗം പ്രണമിച്ചു യാത്ര ചൊല്ലുമ്പോൾ
ശ്രീലകം വിട്ടെന്മനം ശ്രീ കോവിലാക്കി
കൂട്ടിനായി കൂടെ വന്നതു ഞാനറിഞ്ഞില്ല

ഉത്തര ഗുരുപവനപുരിയിലെ കൃഷ്ണരൂപത്തെ
സത്യമായ് ഒരിക്കലെങ്കിലും ഹൃത്തിൽ ചേർത്തെന്നാൽ
എവിടെയാകിലും കൈകൾ കൂപ്പി കണ്ണടച്ചീടിൽ
അവിടെ കാണ്മതേകരൂപം കൃഷ്ണാ നിൻ രൂപം